അർബൻ സഹകരണ ബാങ്കുകളിലെ റിസർവ് ബാങ്ക് ഇടപെടൽ

237 (3669) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥകൾ മരവിപ്പിച്ച് അർബൻ സഹകരണ ബാങ്കുകളിൽ റിസർവ് ബാങ്ക് ഇടപെടൽ നടത്തുന്ന നയത്തിൽ നിലപാട് വ്യക്തമാക്കാമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങളിലൂടെ സഹകരണ ബാങ്കുകളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവരുടെ യോഗ്യതകളും അയോഗ്യതകളും നിശ്ചയിക്കുന്നതിനും അവരുടെ നിയമനം, നീക്കം ചെയ്യൽ എന്നിവയ്ക്കും സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കുന്നതിനും ഭരണസമിതിയെ നീക്കം ചെയ്യാനും ആർ.ബി.ഐ.-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്യ്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ടി ഭേദഗതി വ്യവസ്ഥകൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ ആർ.ബി.ഐ.-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ ബൈലോ റദ്ദാക്കാൻ പോലും ആർ.ബി.ഐ-യ്ക്ക് ഇതിലൂടെ അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധവും സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നവയുമാണ്. ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

(ബി) അർബൻ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കണമെന്ന തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

റിസർവ് ബാങ്കിന്റെ 25-6-2021-ലെ RBI/2021-22/60 DOR. GOV.REC.25/12.10.000/2021-22 നമ്പർ സർക്കുലർ പ്രകാരം അർബൻ സഹകരണ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കേണ്ടത് അതാത് ബാങ്കുകളാണ്.

കരുവന്നൂർ സഹകരണ ബാങ്ക് വായ്പ തിരിച്ചടവിന് സാവകാശം

238 (3670) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺമൂലം ജനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന സമയത്ത് ജപ്തി നടപടികൾ പാടില്ലായെന്ന നിർദ്ദേശം നിലനിൽക്കെ കരുവന്നൂർ സഹകരണ ബാങ്കിൽനിന്നും നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്തംഗം ആത്മഹത്യ ചെയ്ത സംഭവം പരിശോധിക്കുകയുണ്ടായോ?

ആത്മഹത്യ ചെയ്ത മുൻപഞ്ചായത്തംഗം എടുത്ത വായ്പയിൽ ബാങ്ക് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടില്ലാത്തതും ജപ്തി നോട്ടീസ് നൽകിയിട്ടില്ലാത്തതുമാണ്.

(ബി) കോവിഡ്മൂലം ജീവനോപാധി നഷ്ടപ്പെട്ട് സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള സാധാരണക്കാർ കരുവന്നൂർ ബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് സാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കരുവന്നൂർ ബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് സാവകാശം നൽകുന്നതിന് നിയമപ്രകാരമുള്ള സാവകാശം അനുവദിക്കുന്ന വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്.

(സി) വായ്പാ തട്ടിപ്പുമൂലം സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരികെ ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ബാങ്കിന്റെ ഭരണചുമതല സഹകരണ വകുപ്പിലെ മൂന്ന് അംഗങ്ങളടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നു. കൂടാതെ ക്രമക്കേടിൽ പങ്കാളിയായവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ അറ്റാച്ച് ചെയ്ത് നഷ്ടം തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly